നമ്പർ : ICPS 2/030894/2014

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം 18/09/2015

# സർക്കുലർ

വിഷയം : സാമൂഹ്യ നീതി വകുപ്പ്, ഐ.സി.പി.എസ്:- സാമൂഹ്യ നീതി വകുപ്പിനു കീഴിലുള്ള എല്ലാ ചിൽഡ്രൻസ് ഹോം, ഒബ്സർവേഷൻ ഹോം സ്ഥാപനങ്ങളിൽ സി.സി.റ്റി.വി ക്യാമറ സ്ഥാപിക്കുന്നത് സംബന്ധിച്ച്.

പരാമർശം : (1) 04.09.2014-ലെ 13687/എ2/2015/SJD നമ്പർ സർക്കാർ കത്ത്.
(2) 06.12.2014-ൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം 22.

കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ കുറയ്ക്കുന്നതിനും, കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാകുന്നതിനും കുട്ടികൾക്കുള്ള സ്ഥാപനങ്ങളിൽ സി.സി.റ്റി.വി ക്യാമറകൾ സ്ഥാപിക്കണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെടുന്നു. ഈ സാഹചര്യത്തിൽ സാമൂഹ്യ നീതി വകുപ്പിനു കീഴിലുള്ള ഗവ ചിൽഡ്രൻസ് ഹോം, ഗവ ഒബ്സർവേഷൻ ഹോം എന്നീ സ്ഥാപനങ്ങളിൽ സി.സി.റ്റി.വി ക്യാമറകളും, അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിനായി സ്റ്റോർ പർച്ചേസ് റൂൾ പ്രകാരം ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിച്ച് ലഭ്യമായ ക്വട്ടേഷനുകൾ/ടെണ്ടറുകൾ അംഗീകാരത്തിനായി എത്രയും വേഗം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ഐ.സി.പി.എസ് ഗൈഡ്ലൈൻ പ്രകാരം വർഷത്തിൽ ഒരിക്കൽ കണ്ടിജൻസി ഇനത്തിൽ ഏകദേശം 2,00,000/-രൂപ മാത്രമേ ചെലവഴിക്കാൻ അനുമതിയുള്ളൂ. ഈ വിഹിതത്തിൽ നിന്നാണ് ഇതിനുള്ള ചെലവ് വഹിക്കേണ്ടത്. ആയതിനാൽ സി.സി.റ്റി.വി ക്യാമറകൾ സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള ചെലവ് 1,50,000/-രൂപയ്ക്ക് കവിയാത്ത പ്രൊപ്പോസൽ മാത്രം സമർപ്പിക്കാൻ സ്ഥാപന സൂപ്രണ്ടുമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(ഒപ്പ്)

സാമൂഹ്യ നീതി ഡയറക്ടർക്കു വേണ്ടി

1. എല്ലാ ചിൽഡ്രൻസ്/സ്പെഷ്യൽ ഹോം സൂപ്രണ്ടുമാർക്കും
   എല്ലാ ഒബ്സർവേഷൻ ഹോം സൂപ്രണ്ടുമാർക്കും
2. ഐ.സി.പി.എസ്-4
3. സ്റ്റോക്ക് ഫയൽ